LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവ്യവസായ മേഖലയിലെ നേട്ടങ്ങൾ

62 (5867) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഗ്രാമവ്യവസായ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ;

(ബി) ഗ്രാമ വ്യവസായ മേഖലയിൽ തൊഴിലവസരം, സബ്സിഡി നൽകൽ എന്നീ കാര്യങ്ങളിൽ എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഭരണതലത്തിൽ നടപ്പാക്കിയത് ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഗ്രാമവ്യവസായ മേഖലയിൽ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ആവിഷ്കരിച്ച് 'എന്റെ ഗ്രാമം' പദ്ധതി നടപ്പിലാക്കി. ഇതുവഴി 2437 തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാമീണ തൊഴിൽദായക പദ്ധതിയായ പി.എം.ഇ.ജി.പി. (പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽ ദായക പദ്ധതി) പ്രകാരം 1534 ഗ്രാമവ്യവസായ യൂണിറ്റുകൾ സ്ഥാപിക്ക പ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം 12088 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി&സി) പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദായക പദ്ധതിയിൻകീഴിൽ 3363.82 ലക്ഷം രൂപയും എന്റെ ഗ്രാമം പദ്ധതിയിൻകീഴിൽ 672.50 ലക്ഷം രൂപയും ഉൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് 4036.32 ലക്ഷം രൂപ സബ്സിഡിയായി നൽകി. 14525 തൊഴിലവസരം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

എൻ.പി.എസ്-ൽ ജീവനക്കാരുടെ അംഗത്വം

63 (T 5868) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം പുതിയതായി പി.എസ്.സി. മുഖേന നിയമിതരായ എല്ലാ ജീവനക്കാരെയും ഈ സർക്കാർ നടപ്പിലാക്കിയ എൻ.പി.എസ്.-ൽ അംഗമാക്കി ചേർത്തിട്ടുണ്ടോ ; എങ്കിൽ വകുപ്പുതിരിച്ചുള്ള വിശദവിവരം നൽകുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു